<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1830</u> <u>05-07-2022 - ൽ മറുപടിയ്ക്ക്</u>

<u>അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | **ഉണ്ട്.**<br>**ഡിപ്പോയുടെ യാർഡിന്റെ നിരപ്പിൽ ഏറ്റകുറച്ചിലുകൾ രൂപപ്പെട്ടിട്ടുണ്ട്.** |
| (ബി) | പ്രസ്തുത ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് 10.11.2021-ന് വകുപ്പ് മന്ത്രിക്ക് നൽകിയ കത്ത് 19.11.2021-ലെ 1101/വി.ഐ.പി./2021 എം. നമ്പറായി കെ.എസ്.ആർ.ടി.സി. എം.ഡി.-യ്ക്ക് അയച്ച് നൽകിയിട്ടും നാളിതു വരെയായി പ്രശ്നം പരിഹരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പ്രവൃത്തിയുടെ എസ്റ്റിമേറ്റ് PMCയായ M/s. HLL Lifecare Ltd നെ കൊണ്ട് തയ്യാറാക്കി എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | 10.11.2021-ൽ വകുപ്പ് മന്ത്രിക്ക് കത്ത് നൽകുമ്പോളുണ്ടായിരുന്ന കുഴികൾ എട്ടുമാസം കൊണ്ട് വളരെ വലുതായി മാറിയത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്; നിർമ്മാണ കരാർ നൽകിയെങ്കിൽ ആർക്കാണ് നൽകിയത്; പ്രവൃത്തി വൈകുന്നതിന്റെ കാരണവും ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കാമോ; | (ഡി) | യാർഡിന്റെ പുനരുദ്ധാരണത്തിന് 180.14 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. PMC യായ M/s. HLL Lifecare Ltdനെ ആണ് പദ്ധതി നിർവഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. ടി ഏജൻസി വഴി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| (ഇ) | പ്രസ്തുത ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ? | (ഇ) | യാർഡിന്റെ പുനരുദ്ധാരണത്തിന് 180.14 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. PMC യായ M/s. HLL Lifecare Ltdനെ ആണ് പദ്ധതി നിർവഹണ ഏജൻസിയായി നിശ്ചയി ച്ചിട്ടുള്ളത്. ടി ഏജൻസി വഴി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ